പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 43

Published on 24-09-2021

# 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 43

# 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1401/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 43

# 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക .—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഈ ആക്ടിൽ, മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ,—

(എ) 3-ാം വകുപ്പ് 2020 മേയ് 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(ബി) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പും, 5-ാം വകുപ്പും 2020 സെപ്റ്റംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(സി) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും;

(ഡി) 2 -ാം വകുപ്പും, 6 മുതൽ 11 വരെയുള്ള വകുപ്പുകളും 2021 ഫെബ്രുവരി 12- ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) 17--ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(17 എ) "എംപാനൽഡ് ലൈസൻസി" എന്നാൽ നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടറിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലെങ്കിൽ 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായി
1401/2021
കരുതപ്പെടുന്നതും സ്വയം സാക്ഷ്യപത്രം നൽകുന്നതിന്റെ ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ്, നിർണ്ണയിക്കപ്പെട്ട പ്രകാരം എംപാനൽ ചെയ്തതുമായ, അതതു സംഗതിപോലെ, സ്ഥാപനം, ആർക്കിടെക്റ്റ്, എഞ്ചിനീയർ, ബിൽഡിംഗ് ഡിസൈനർ, സൂപ്പർവൈസർ അല്ലെങ്കിൽ ടൗൺ പ്ലാനർ എന്നർത്ഥമാകുന്നു.";

(ii) (22)-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(22 എ) "കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ" എന്നതിൽ ഏഴ് മീറ്ററിൽ കുറവായ ഉയരമുള്ളതും രണ്ടു നില വരെ പരിമിതപ്പെടുത്തിയിട്ടുള്ളതും മുന്നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും എ 1 വിനിയോഗഗണത്തിൽ പ്പെട്ടതുമായ വാസഗൃഹങ്ങളും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടു കൂടിയതും എ 2 വിനിയോഗഗണത്തിൽപ്പെട്ടതുമായ ഹോസ്റ്റൽ, ഓർഫനേജ്, ഡോർമിറ്ററി, ഓൾഡ് ഏജ് ഹോം, സെമിനാരി എന്നിവയും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടു കൂടിയതും ബി വിനിയോഗ ഗണത്തിൽപ്പെട്ടതുമായ വിദ്യാഭ്യാസ കെട്ടിടങ്ങളും, ഇരുന്നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും ഡി വിനിയോഗഗണത്തിൽപ്പെട്ടതുമായ മതപരവും ദേശസ്നേഹപരവുമായ ആവശ്യങ്ങൾക്കു വേണ്ടി ആളുകൾ സമ്മേളിക്കുന്ന കെട്ടിടങ്ങളും, നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എഫ് വിനിയോഗഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും, ശല്യമില്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ നൂറ് ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ള ജി1 വിനിയോഗഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും ഉൾപ്പെടുന്നു.";

(iii) (43)-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(43 എ) "സ്വയം സാക്ഷ്യപത്രം" എന്നാൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ വേണ്ടിയുള്ള കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ തത്സമയം പ്രാബല്യത്തിലുള്ള ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും നിയമാനുസൃതം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനും പ്രത്യേകം പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമാണെന്ന് കെട്ടിടത്തിന്റെ ഉടമസ്ഥനും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന സ്വയം സാക്ഷ്യപത്രം എന്നർത്ഥമാകുന്നു.".

3. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "ഇരുപത്തിയാറും " എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "അൻപത്തിമൂന്ന് " എന്ന വാക്കിന് പകരം "അൻപത്തിരണ്ട്" എന്ന വാക്കും "ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "അൻപത്തിയാറും " എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "നൂറ്റിയൊന്ന്" എന്ന വാക്കിന് പകരം "നൂറ്" എന്ന വാക്കും "അൻപത്തിയാറും " എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്.

4. 126-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 126-ാം വകുപ്പിൽ,—

(1) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയിൽ, "രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും " എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനും അതിന് കീഴിലുള്ള ക്ലിപ്ത നിബന്ധനയ്ക്കും ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(2) (1)-ാം ഉപവകുപ്പിൽ നിശ്ചയിച്ച പ്രകാരമുള്ള സമയത്തിൽ, അവസാനത്തെ ഒരു മണിക്കൂർ 130 എ വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന വിഭാഗങ്ങളിലുള്ള ആളുകൾക്ക് വോട്ട് ചെയ്യുന്നതിനായി വിനിയോഗിക്കേണ്ടതാണ്.".

5. 130 -ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 130 എ വകുപ്പ് 130 ബി വകുപ്പായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട 130 ബി വകുപ്പിന് മുൻപായി താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതുമാണ്, അതായത് :—

"130 എ. ചില വിഭാഗങ്ങളിലുള്ള ആളുകൾക്ക് തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—(1) 130-ാം വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ, താഴെപ്പറയുന്ന വിഭാഗങ്ങളിലുള്ള സമ്മതിദായകർക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തപാൽ വഴി വോട്ടു ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സാംക്രമിക രോഗം ബാധിച്ച ഏതൊരാളും;

(ബി) ക്വാറന്റീനിൽ ആയിരിക്കുന്ന ഏതൊരാളും ;

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) " സാംക്രമിക രോഗം" എന്നാൽ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റിന്റെ (2021-ലെ 4) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ളതും പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പു പ്രകാരം സർക്കാർ, അതതു സമയം, വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ സാംക്രമികരോഗം എന്നർത്ഥമാകുന്നു;

(ii) "ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ" എന്നാൽ സാംക്രമിക രോഗത്തിന്റെ വ്യാപനം തടയുന്നതിനായി, ഭാരതസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, അതത് സമയം, പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു.

(2) (1)- ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഏതെങ്കിലും വിഭാഗങ്ങളിലെ ഒരു സമ്മതിദായകന് തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിംഗ് സ്റ്റേഷനിൽ, 126-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയത്ത്, നേരിട്ട് വോട്ട് ചെയ്യാവുന്നതുമാണ്.

കുറിപ്പ് :—(2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.".

6. 387-ാം വകുപ്പിന്റെ ഭേദഗതി .—പ്രധാന ആക്റ്റിലെ 387-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "കുടിൽ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ "രേഖാമൂലമായ ഒരു അപേക്ഷയും" എന്ന വാക്കുകൾക്കു പകരം "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിൽ "രേഖാമൂലമായ ഒരു അപേക്ഷയും" എന്ന വാക്കുകൾക്കുപകരം "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 389-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 389-ാം വകുപ്പിൽ "നൽകുന്നതുവരെയും" എന്ന വാക്കുകൾക്കുശേഷം "കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടമുൾപ്പെടെയുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 390-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 390-ാം വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 391-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 391-ാം വകുപ്പിൽ,—

(i) "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) ക്ലിപ്തനിബന്ധനയിൽ "മുപ്പത് ദിവസക്കാലം" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് ദിവസക്കാലം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 392 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 392-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"392 എ. കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷ .—(1) കുറഞ്ഞ അപകടസാധ്യതയുള്ള ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരത്തിനായും പണിനടത്തുന്നതിനുള്ള അനുവാദത്തിനായും ഒരു അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലുള്ള സ്വയം സാക്ഷ്യപത്രവും അപ്രകാരമുള്ള രേഖകളും സഹിതം, സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.

(2) എല്ലാരീതിയിലും പൂർണ്ണമായ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിന്മേൽ, സെക്രട്ടറി, അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ഒരു കൈപ്പറ്റുസാക്ഷ്യപത്രം അപേക്ഷകന് നൽകേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കൈപ്പറ്റുസാക്ഷ്യപത്രം ലഭിക്കുന്നതിന്മേൽ, അപ്രകാരമുള്ള കൈപ്പറ്റുസാക്ഷ്യപത്രം, അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരമായും പണിനടത്തുന്നതിനുള്ള അനുവാദമായും കരുതപ്പെടുന്നതാണ്.".

11. 515-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 515-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) ഒരു എംപാനൽഡ് ലൈസൻസി, കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ സ്വയം സാക്ഷ്യപത്രം നൽകുന്ന സംഗതിയിൽ, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകളോ നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശമോ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളോ ലംഘിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുതകൾ മറച്ചുവച്ചോ ആണ് അപ്രകാരമുള്ള കെട്ടിടത്തിന് സ്വയം സാക്ഷ്യപത്രം നൽകിയത് എന്ന് രജിസ്റ്ററിംഗ് അധികാരി, കാണുന്നപക്ഷം, അപ്രകാരമുള്ള രജിസ്റ്ററിംഗ് അധികാരിക്ക് എംപാനൽഡ് ലൈസൻസിയെ അഞ്ച് വർഷത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക് സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്താവുന്നതും, അപ്രകാരമുള്ള ലൈസൻസിക്ക് എതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷം അപ്രകാരമുള്ള ലൈസൻസിയിൽ നിന്നും (4)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പിഴ ഈടാക്കാവുന്നതുമാണ്.

(4) സ്വയം സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത കെട്ടിടങ്ങളുടെ സംഗതിയിൽ, അപ്രകാരം സ്വയം സാക്ഷ്യപത്രം നൽകിയ കെട്ടിടത്തിന്റെ ഉടമസ്ഥനും എംപാനൽഡ് ലൈസൻസിക്കും, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനുശേഷം, അപ്രകാരമുള്ള ഉടമസ്ഥനും ലൈസൻസിയും നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിച്ചതിനു ശേഷവും അപ്രകാരമുള്ള ആളുകളിൽനിന്നും, നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും ഇരുന്നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നാല് ലക്ഷം രൂപ വീതവും മുന്നൂറ് ചതുരശ്രമീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ആറ് ലക്ഷം രൂപ വീതവും പിഴ ഈടാക്കാവുന്നതാണ്.

(5) രജിസ്റ്ററിംഗ് അധികാരി എടുത്ത നടപടികളോ പുറപ്പെടുവിച്ച ഉത്തരവോ മൂലം സങ്കടമനുഭവിക്കുന്ന ആളിന്, അപ്രകാരമുള്ള ഉത്തരവുകൾക്കോ നടപടികൾക്കോ എതിരായി സർക്കാരിൽ, (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം, അപ്പീൽ സമർപ്പിക്കാവുന്നതാണ്.".

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 126) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2011-ലെ കാനേഷുമാരി അനുസരിച്ച്, കേരളത്തിലെ ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിലും പല മുനിസിപ്പാലിറ്റികളിലെയും ജനസംഖ്യ ഒരു ലക്ഷം കവിഞ്ഞ സാഹചര്യത്തിലും, ജനസംഖ്യയും തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം വർദ്ധിച്ച സാഹചര്യമുണ്ടായതിനാൽ 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2020-ലെ 3) പ്രകാരം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം ഓരോന്ന് വീതം വർദ്ധിപ്പിച്ചിരുന്നു. എന്നാൽ കോവിഡ്-19 പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതിനായി ദേശീയ ലോക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് അതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലവിലുള്ളതിനാൽ നിശ്ചയിക്കപ്പെട്ട സമയത്തിനകം വാർഡ് വിഭജന നടപടികൾ പൂർത്തിയാക്കാൻ സാധിക്കാതെ വരുകയുണ്ടായി. കോവിഡ്-19 രോഗവ്യാപനം തടയുന്നതിനുള്ള നടപടികളിലൊന്നായ സാമൂഹിക അകലം പാലിക്കൽ നടപ്പിലാക്കേണ്ടിയിരുന്നതിനാൽ, കോവിഡ്-19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കാൻ സാധ്യമായില്ല. പ്രസ്തുത നടപടികൾ സമയബന്ധിതമായി സ്വീകരിക്കുവാൻ സാധിക്കാതെ വന്ന സാഹചര്യത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് എത്രയും പെട്ടെന്ന് നടത്തേണ്ടിയിരുന്നതിനാലും മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം 2020-ലെ 3-ാം നമ്പർ ആക്റ്റ് പ്രകാരമുള്ള ഭേദഗതിക്ക് മുൻപ് വ്യവസ്ഥ ചെയ്ത പ്രകാരമുള്ള രീതിയിൽ തന്നെ നിലനിർത്തുന്നവിധം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 31) 2020 മേയ് 2-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 മേയ് 4-ാം തീയതിയിലെ 1126-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ബിൽ കൊണ്ടുവരുന്നതിനും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 63) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2221-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വോട്ടെടുപ്പ് നടത്തേണ്ടതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 126-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വോട്ടെടുപ്പ് പൂർത്തിയാക്കാൻ സാധിക്കാതെ വരും എന്നതിനാൽ പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട്, വോട്ട് ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കും ഇടയ്ക്കുള്ള എട്ടുമണിക്കൂറിൽ കുറയാൻ പാടുള്ളതല്ല എന്നത് രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും ഇടയ്ക്കുള്ള എട്ടു മണിക്കൂറിൽ കുറയാൻ പാടുള്ളതല്ല എന്ന് ഭേദഗതി ചെയ്യുവാനും, കോവിഡ്-19 രോഗബാധിതർക്കും ക്വാറന്റീനിൽ ഉള്ളവർക്കും തപാൽ വോട്ട് സൗകര്യം ലഭ്യമാക്കുന്നതിന് 130-ാം വകുപ്പിന് ശേഷം ഒരു പുതിയ വകുപ്പ് 130എ വകുപ്പായി ചേർക്കുവാനും തീരുമാനിച്ചു.

6. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 70) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 30-ാം തീയതിയിലെ 2233-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. മേൽ പറഞ്ഞ ഓർഡിനൻസിലെ വ്യവസ്ഥ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട ആക്റ്റിലെ 130എ വകുപ്പ് പ്രകാരം തപാൽ വഴി വോട്ട് ചെയ്യുന്നതിന് സാംക്രമിക രോഗം ബാധിച്ചവർക്കും ക്വാറന്റീനിൽ ഉള്ളവർക്കും അവസരം നൽകിയിരുന്നു. വോട്ടെടുപ്പ് ദിവസത്തിന്റെ അവസാന ഒരു മണിക്കൂറിൽ അവർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് വോട്ട് ചെയ്യുവാൻ അനുവദിക്കുന്നവിധം ആക്റ്റിന്റെ 126, 130എ വകുപ്പുകളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

8. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 77) 2020 നവംബർ 19-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 നവംബർ 19-ാം തീയതിയിലെ 2847-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്തും പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

10. 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 63) 2020-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2020-ലെ77) എന്നീ ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 13) 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 668-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 389-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് സെക്രട്ടറിയുടെ അനുവാദം കൂടാതെ കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ ആരംഭിക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് സാധാരണക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും, പൊതു അധികാരികൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ത്വരിതപ്പെടുത്തുന്നതിനും, 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ' ഭാഗമായി വ്യവസായ മേഖലയിൽ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായും, കുറഞ്ഞ അപകട സാദ്ധ്യതയുള്ള കെട്ടിടങ്ങൾ എന്ന ഒരു വിഭാഗം കെട്ടിടങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും, സ്വയം സാക്ഷ്യപത്രം സഹിതം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ നൽകുന്നതിൻമേൽ, അഞ്ചു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ കൈപ്പറ്റുസാക്ഷ്യപത്രം നൽകുവാനും, പ്രസ്തുത കൈപ്പറ്റു സാക്ഷ്യപത്രം ഒരു കെട്ടിട നിർമ്മാണ പെർമിറ്റായി കരുതപ്പെടുന്നതാണെന്ന് വ്യവസ്ഥ ചെയ്തു കൊണ്ടും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ പ്രസ്തുത വ്യവസ്ഥകളുമായി

ബന്ധപ്പെട്ട 2, 387, 389, 390, 391, 392, 515 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്തുകൊണ്ടും 392 എ എന്ന ഒരു പുതിയ വകുപ്പ് ഉൾപ്പെടുത്തിക്കൊണ്ടും ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ, സ്വയം സാക്ഷ്യപത്രത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കെട്ടിട നിർമ്മാണം നടത്തുന്ന കെട്ടിട ഉടമസ്ഥർക്കെതിരെ പിഴ ചുമത്തുവാനും കുറഞ്ഞ അപകട സാദ്ധ്യതയുള്ള കെട്ടിടങ്ങൾ അല്ലാതെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ലഭിക്കുന്നതിനുള്ള കാലയളവ് 30 ദിവസത്തിൽ നിന്നും 15 ദിവസമായി കുറയ്ക്കുകയും ചെയ്തുകൊണ്ടുള്ള ഭേദഗതികളും വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

12. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2021-ലെ 34) 2021 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 12-ാം തീയതിയിലെ 726-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

13. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

14. 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 13) 2021-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2021- ലെ 34) എന്നീ ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 88) 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3-ാം തീയതിയിലെ 1943-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

15. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

16. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 126) 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2480-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

17. 2021-ലെ 126-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

പ്രസ്തുത ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2-ാം വകുപ്പ് (17 എ) ഖണ്ഡം, സ്വയം സാക്ഷ്യപത്രം നൽകുന്നതിന്റെ ആവശ്യത്തിലേക്കായി സ്ഥാപനം, ആർക്കിടെക്റ്റ്, എഞ്ചിനീയർ, ബിൽഡിംഗ് ഡിസൈനർ, സൂപ്പർവൈസർ എന്നിവരെ എംപാനൽ ചെയ്യുന്ന രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 130 എ വകുപ്പ് (1)-ാം ഉപവകുപ്പ്, സാംക്രമിക രോഗം ബാധിച്ചവരും ക്വാറന്റീനിൽ ആയിരിക്കുന്നവരുമായ സമ്മതിദായകർക്ക് തപാൽ വഴി വോട്ടു ചെയ്യുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 10-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 392 എ വകുപ്പ്, (1)-ാം ഉപവകുപ്പ്, കുറഞ്ഞ അപകടസാധ്യതയുള്ള ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്ന ഒരാൾ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരത്തിനായും പണി നടത്തുന്നതിനുള്ള അനുവാദത്തിനായും സമർപ്പിക്കേണ്ട അപേക്ഷയുടെ ഫാറവും രേഖകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, അപേക്ഷകന് കൈപ്പറ്റുസാക്ഷ്യപത്രം നൽകേണ്ട ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിന് ശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. വി. ഗോവിന്ദൻ മാസ്റ്റർ.

# 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(17) 'തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ' എന്നാൽ ഈ ആക്റ്റിൻ കീഴിൽ തെരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്ത ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

** ** ** **

(22) 'ലോഡ്ജിംഗ് ഹൗസ്'' എന്നാൽ സർക്കാരോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമോ നടത്തിപ്പോരുന്നതല്ലാത്ത ഹോട്ടലോ, ബോർഡിംഗ് ഹൗസോ, സത്രമോ, ധർമ്മശാലയോ, റെസ്റ്റ് ഹൗസോ അഥവാ യാദൃശ്ചിക സന്ദർശകരെ സ്വീകരിക്കുകയും, പണം കൊടുത്താൽ അവർക്ക് ഉറങ്ങാനുള്ള സ്ഥലസൗകര്യം, ഭക്ഷണത്തോടുകൂടിയോ അല്ലാതെയോ, നൽകുകയും ചെയ്യുന്ന എതെങ്കിലും സ്ഥലമോ എന്നർത്ഥമാകുന്നതും, എന്നാൽ—

(എ) പൊതുനിയന്ത്രണത്തിലോ അംഗീകൃത നിയന്ത്രണത്തിലോ ഉള്ള വിദ്യാർത്ഥി ഹോസ്റ്റലോ;

** ** ** **

(ഡി) ഏതെങ്കിലുമൊരു ആരാധനാലയത്തിന്റെ കോമ്പൗണ്ടിന് ഉള്ളിൽ സ്ഥിതിചെയ്യുന്നതും ഭക്തജനങ്ങൾ വിശ്രമിക്കുന്നതുമായ മുറികളോ, അതിൽ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

** ** ** **

(43) 'സെക്രട്ടറി' എന്നാൽ ഒരു മുനിസിപ്പാലിറ്റിയുടെ 'സെക്രട്ടറി' എന്നർത്ഥമാകുന്നു;

** ** ** **

6. കൗൺസിലിന്റെ ഘടന .—(1) ഒരു ടൗൺ പഞ്ചായത്തിന്റെയും ഒരു മുനിസിപ്പൽ കൗൺസിലിന്റെയും ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ പ്രദേശത്തെ ജനസംഖ്യ പരിഗണിച്ചുകൊണ്ട് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള തോതനുസരിച്ച് സർക്കാർ വിജ്ഞാപനം ചെയ്യേണ്ടതാണ്.

** ** ** **

(3) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ വിജ്ഞാപനം ചെയ്യുന്ന കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം,—

(എ) ഒരു ടൗൺ പഞ്ചായത്തിന്റെയോ ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ സംഗതിയിൽ,—

(i) ഇരുപതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള ടൗൺപഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് ഇരുപത്തിയാറും;

(ii) ഇരുപതിനായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പിൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് പരമാവധി അൻപത്തിമൂന്ന് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ ഇരുപതിനായിരം ജനസംഖ്യക്ക് ഇരുപത്തിയാറും, ഇരുപതിനായിരത്തിൽ കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യയ്ക്കും ഓരോന്നു വീതവും;

(ബി) ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ,—

(i) നാലുലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് അൻപത്തിയാറും;

(ii) നാലുലക്ഷത്തിൽ കവിയുന്ന ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് പരമാവധി നൂറ്റിയൊന്ന് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ നാലുലക്ഷം ജനസംഖ്യയ്ക്കും അൻപത്തിയാറും നാലുലക്ഷത്തിൽ കവിയുന്ന ഒരോ പതിനായിരം ജനസംഖ്യയ്ക്കും ഒരോന്നു വീതവും; ആയിരിക്കേണ്ടതാണ്.

** ** ** **

126. വോട്ടെടുപ്പിന് സമയം നിശ്ചയിക്കൽ.—വോട്ടെടുപ്പ് നടത്തുന്നത് ഏതൊക്കെ മണിക്കൂറുകളിൽ ആയിരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കേണ്ടതും, അപ്രകാരം നിശ്ചയിച്ച മണിക്കൂറുകൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു:

എന്നാൽ, ഒരു വാർഡിലെ ഒരു തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പിന്, ഏതെങ്കിലും ഒരൊറ്റ ദിവസം നീക്കിവച്ചിട്ടുള്ള ആകെ സമയം രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കും ഇടയ്ക്കുള്ള എട്ടു മണിക്കൂറിൽ കുറയാൻ പാടുള്ളതല്ല.

** ** ** **

130. തിരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുന്ന രീതി.—വോട്ടെടുപ്പു നടത്തുന്ന എതൊരു തിരഞ്ഞെടുപ്പിലും വോട്ടുകൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ബാലറ്റുവഴി നൽകപ്പെടേണ്ടതും യാതൊരു വോട്ടും പ്രതിപുരുഷൻ വഴി സ്വീകരിക്കാൻ പാടില്ലാത്തതും ആകുന്നു.

130 എ തെരെഞ്ഞെടുപ്പുകളിൽ വോട്ടിംഗ് യന്ത്രം ഉപയോഗിക്കൽ.—ഈ ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഓരോ പ്രദേശങ്ങളിലേയും സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന ഏതൊരു തെരഞ്ഞെടുപ്പിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ട് നൽകുകയും വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായം സ്വീകരിക്കാവുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ഉദ്ദേശത്തിനായി "വോട്ടിംഗ് യന്ത്രം" എന്നാൽ വോട്ടുകൾ നൽകുന്നതിനോ രേഖപ്പെടുത്തുന്നതിനോ വേണ്ടി ഉപയോഗിക്കുന്ന ഏതൊരു ഇലക്ട്രോണിക് യന്ത്രമോ മറ്റേതെങ്കിലും യന്ത്രമോ എന്നർത്ഥമാകുന്നതും ഈ ആക്റ്റിൽ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിൽ ബാലറ്റ് പെട്ടി അല്ലെങ്കിൽ ബാലറ്റ് പേപ്പർ എന്ന ഏതൊരു പരാമർശവും, മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടങ്ങളിലൊഴികെ, ഒരു വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്ന ഏതൊരു തെരഞ്ഞെടുപ്പിലും, അങ്ങനെയുള്ള വോട്ടിംഗ് യന്ത്രത്തെക്കുറിച്ചുള്ള പരാമർശവും ഉൾപ്പെടുത്തുന്നതായി വ്യാഖ്യാനിക്കപ്പെടേണ്ടതാണ്.

** ** ** **

387. കെട്ടിടം നിർമ്മിക്കാനോ പുനർനിർമ്മിക്കുന്നതിനോ വേണ്ടിയുള്ള അപേക്ഷ.—

(1) മുനിസിപ്പൽ പ്രദേശത്ത് കുടിലല്ലാത്ത ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ആൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അയാൾ സെക്രട്ടറിക്ക്,—

(എ) കെട്ടിടസ്ഥാനത്തിന്റെ അംഗീകാരത്തിനായി, സ്ഥലത്തിന്റെ സൈറ്റ് പ്ലാനോടുകൂടി രേഖാമൂലമായ ഒരു അപേക്ഷയും;

(ബി) പണി നടത്തുന്നതിനുള്ള അനുവാദത്തിനായി തറയുടെ പ്ലാൻ, കെട്ടിടത്തിന്റെ പൊക്കം, അതിന്റെ വിഭാഗങ്ങൾ, പണിയുടെ വിവരണം എന്നിവയോടുകൂടി രേഖാമൂലമായ ഒരു അപേക്ഷയും, അയയ്ക്കേണ്ടതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൽ കെട്ടിടം എന്നതിൽ ഏതെങ്കിലും പൊതുതെരുവിന്റെ അതിർത്തിയായിട്ടുള്ളതോ തെരുവിനോട് ചേർന്നു നിൽക്കുന്നതോ ആയ ഏതു പൊക്കത്തിലുമുള്ള ഒരു ഭിത്തിയോ വേലിയോ ഉൾപ്പെടുന്നതാണ്.

** ** ** **

389. അനുവാദം കൂടാതെ പണി തുടങ്ങുന്നതിനെതിരായുള്ള നിരോധനം.—പണി നടത്തുന്നതിനായി സെക്രട്ടറി അനുവാദം നൽകാത്തപക്ഷവും, നൽകുന്നതുവരെയും ഒരു കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ ആരംഭിക്കുവാൻ പാടുള്ളതല്ല.

390. അംഗീകാരമോ അംഗീകാര നിഷേധമോ ഏത് കാലാവധിക്കുള്ളിൽ അറിയിക്കണമെന്ന്.—സ്ഥാനത്തിന്റെ അംഗീകാരത്തിന് 387-ാം വകുപ്പു പ്രകാരം ലഭിച്ച ഒരു അപേക്ഷയിൻമേൽ, അല്ലെങ്കിൽ ഏതെങ്കിലും ചട്ടങ്ങളിലോ ബൈലാകളിലോ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരമോ കൂടുതൽ വിവരമോ കിട്ടിയതിനുശേഷം മുപ്പതു ദിവസത്തിനകം, സെക്രട്ടറി രേഖാമൂലമായ ഉത്തരവു മുഖേന 393-ാം വകുപ്പിൽ പറഞ്ഞ ഏതെങ്കിലും കാരണങ്ങളിൻമേൽ ഒന്നുകിൽ ആ സ്ഥാനം അംഗീകരിക്കുകയോ അല്ലെങ്കിൽ അംഗീകരിക്കുവാൻ വിസമ്മതിക്കുകയോ ചെയ്യേണ്ടതും, വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

391. പണി നടത്തുവാനുള്ള അനുവാദം ഏതു കാലാവധിക്കുള്ളിൽ സെക്രട്ടറി നൽകുകയോ നൽകുവാൻ വിസമ്മതിക്കുകയോ ചെയ്യണമെന്ന്.—ഏതെങ്കിലും പണി നടത്തുവാനുള്ള അനുവാദത്തിനായി 387-ാം വകുപ്പ് പ്രകാരം ലഭിച്ച ഒരു അപേക്ഷയിൻമേൽ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ, ബൈലാകളിലോ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരമോ, രേഖയോ കൂടുതൽ വിവരമോ രേഖകളോ കിട്ടിയതിനുശേഷം മുപ്പതു ദിവസത്തിനകം സെക്രട്ടറി രേഖാമൂലമായ ഉത്തരവു മുഖേന, 393-ാം വകുപ്പിൽ പറഞ്ഞ ഏതെങ്കിലും കാരണങ്ങളിൻമേൽ ഒന്നുകിൽ അങ്ങനെയുള്ള അനുവാദം നൽകുകയോ, അല്ലെങ്കിൽ അതു നൽകുവാൻ വിസമ്മതിക്കുകയോ ചെയ്യേണ്ടതും, വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്:

എന്നാൽ, മേൽപ്പറഞ്ഞ മുപ്പതു ദിവസക്കാലം 390-ാം വകുപ്പ് പ്രകാരം സ്ഥാനം അംഗീകരിക്കുന്നതുവരെ ആരംഭിക്കുന്നതല്ല.

392. അംഗീകാരമോ അനുവാദമോ നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിൽ സെക്രട്ടറി കാലതാമസം വരുത്തുകയാണെങ്കിൽ, കൗൺസിലിന് റെഫർ ചെയ്യൽ.—(1) അതതു സംഗതിപോലെ, 390-ാം വകുപ്പിലോ 391-ാം വകുപ്പിലോ നിശ്ചയിച്ച കാലാവധിക്കുള്ളിൽ സെക്രട്ടറി, അതതു സംഗതിപോലെ, കെട്ടിടസ്ഥാനത്തിന് തന്റെ അംഗീകാരം ഒന്നുകിൽ നൽകുകയോ നിരസിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും പണി നടത്തുന്നതിനു തന്റെ അനുവാദം ഒന്നുകിൽ നൽകുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ, കൗൺസിലിന് അപേക്ഷകന്റെ രേഖാമൂലമായ അഭ്യർത്ഥനയിൻമേൽ അങ്ങനെയുള്ള അംഗീകാരമോ അനുവാദമോ നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള രേഖാമൂലമായ അപേക്ഷ ലഭിച്ചതു മുതൽ ഒരു മാസത്തിനകം കൗൺസിൽ അങ്ങനെയുള്ള അംഗീകാരമോ അനുവാദമോ നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള അംഗീകാരമോ അനുവാദമോ നൽകപ്പെട്ടതായി കരുതേണ്ടതും, അപേക്ഷകന് പണി ആരംഭിക്കാവുന്നതുമാണ്. എന്നാൽ അത് ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയോ ബൈലാകളിലെയോ വ്യവസ്ഥകൾ ഏതെങ്കിലും ലംഘിക്കത്തക്കവിധം ആയിരിക്കുവാൻ പാടുള്ളതല്ല.

** ** ** **

515. നിയമവിരുദ്ധമായി കെട്ടിടം നിർമ്മിച്ചാലുള്ള ശിക്ഷ.—(1) ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ ഏതെങ്കിലും കിണർ കുഴിക്കുന്നതോ,—

(എ) സെക്രട്ടറിയുടെ അനുവാദം കൂടാതെ ആരംഭിക്കുകയോ; അഥവാ

(ബി) അങ്ങനെയുള്ള അനുവാദം ഏതു വസ്തുതാവിവരങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് നൽകിയിരുന്നുവോ ആ വസ്തുതാവിവരങ്ങളനുസരിച്ചല്ലാതെ മറ്റ് വിധത്തിൽ നടത്തുകയോ പൂർത്തിയാക്കുകയോ; അഥവാ

(സി) നിയമാനുസൃതമായ ഏതെങ്കിലും ഉത്തരവിന് വിരുദ്ധമായോ ഈ ആക്റ്റിലോ അത് പ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലോ ബൈലായിലോ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥയെ ലംഘിച്ചുകൊണ്ടോ, നിയമാനുസൃതം നൽകിയ ഏതെങ്കിലും നിർദ്ദേശത്തിനോ ആവശ്യപ്പെട്ട ഏതെങ്കിലും കാര്യത്തിനോ എതിരായോ നടത്തുകയോ പൂർത്തിയാക്കുകയോ; അഥവാ

(ഡി) 395-ാം വകുപ്പോ 405-ാം വകുപ്പോ പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസുമൂലം ഏതെങ്കിലും മാറ്റമോ കൂട്ടിച്ചേർപ്പോ അതിനെ സംബന്ധിച്ച് യഥാവിധി ഉണ്ടാക്കാതിരിക്കുകയോ; അഥവാ

(ഇ) 406-ാം വകുപ്പുപ്രകാരം സെക്രട്ടറി അതിനെ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുള്ള ഏതെങ്കിലും ആൾ, ആ നിർദ്ദേശം അനുസരിക്കാൻ വീഴ്ച വരുത്തുകയോ, ചെയ്യുന്നതായാൽ, അതതു സംഗതിപോലെ, കെട്ടിടത്തിന്റെയോ കിണറിന്റെയോ ഉടമസ്ഥനോ അല്ലെങ്കിൽ മേല്പറഞ്ഞ ആളോ കുറ്റസ്ഥാപനത്തിൻമേൽ കെട്ടിടത്തിന്റെ സംഗതിയിൽ പതിനായിരം രൂപയോളവും, കിണറിന്റെയോ കുടിലിന്റെയോ സംഗതിയിൽ ആയിരം രൂപയോളവും വരാവുന്ന പിഴയ്ക്കും, ആ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും കെട്ടിടത്തിന്റെ സംഗതിയിൽ ആയിരം രൂപയോളവും കിണറ്റിന്റെയോ കുടിലിന്റെയോ സംഗതിയിൽ ഇരുനൂറ്റമ്പത് രൂപയോളവും വരാവുന്ന കൂടുതൽ പിഴയ്ക്കും വിധേയനായിരിക്കുന്നതാണ്.

എന്നാൽ, ഒരാൾ നിയമവിരുദ്ധമായി ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ കിണർ കുഴിക്കുകയോ ചെയ്തിട്ടുള്ളത് 406-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്രമവൽക്കരിക്കാവുന്നതും അപ്രകാരം സെക്രട്ടറി ക്രമവൽക്കരിച്ചിട്ടുള്ളതുമാണെങ്കിൽ അയാളെ ശിക്ഷിക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ കെട്ടിടനിർമ്മാണത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള നിലവാരത്തെയോ ഏതെങ്കിലും നിബന്ധനകളെയോ അല്ലെങ്കിൽ നിയമാനുസൃതം പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശങ്ങളെയോ ലംഘിച്ചുകൊണ്ട് നിർമ്മിച്ച ഏതെങ്കിലും കെട്ടിടം പൊതുരക്ഷയ്ക്ക് ഭീഷണിയോ മനുഷ്യജീവന് അപകടകരമോ ആകുന്നപക്ഷം അപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമസ്ഥനെയോ നിർമ്മാതാവിനെയോ കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷം വരെ ആകാവുന്ന തടവുശിക്ഷ നൽകി ശിക്ഷിക്കാവുന്നതാണ്.

** ** ** **